# ദൈവകൃപയാൽ
# നിരണം ഭദ്രാസന മെത്രാപ്പൊലീത്തായും
# അഖില മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിഡന്റുമായ
# യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പൊലീത്തായിൽ നിന്നും

**OCYMK : 2 / 2017**

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹവികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളി കൈസ്ഥാനികളും, യുവജനപ്രസ്ഥാനം ഭാരവാഹികളും, ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

കർത്താവിൽ പ്രിയരെ,

ദൈവഹിതമായാൽ അഖില മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ 81-ാമത് **അന്തർദേശീയ സമ്മേളനം 2017 സെപ്റ്റംബർ 29, 30, ഒക്ടോബർ 1** തീയതികളിൽ **നിരണം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ പരുമല സെമിനാരിയിൽ വച്ച്** നടക്കുകയാണ്. **'തീർത്ഥാടന വീഥികൾ'** എന്നതാണ് ചിന്താവിഷയം. സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി ഏവരും പ്രാർത്ഥിക്കണം. സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ഓരോ യൂണിറ്റിൽ നിന്നും രണ്ടു പ്രതിനിധികളെ പള്ളിച്ചെലവിൽ വികാരിയുടെ കത്തോടുകൂടി അയയ്ക്കണം. ഒരാൾക്കുള്ള രജിസ്ട്രേഷൻ ഫീസ് 500 /- രൂപ ആയിരിക്കും.

പ്രസ്ഥാനത്തിന്റെ യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ ആരംഭിക്കേണ്ടതാണ്. പ്രസ്ഥാനം പ്രസിദ്ധീകരിക്കുന്ന 'പ്രവർത്തന രൂപരേഖ' നടപ്പാക്കുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കണമെന്നുകൂടി ഓർമ്മപ്പെടുത്തുന്നു. സമ്മേളനത്തിന്റെ വിശദവിവരങ്ങൾ പ്രസ്ഥാനം ജനറൽ സെക്രട്ടറി ബഹു. അജി കെ. തോമസ് അച്ചൻ സർക്കുലർ മുഖേന നിങ്ങളെ അറിയിക്കുന്നതാണ്.

ശേഷം പിന്നാലെ

ദൈവം അനുഗ്രഹിക്കട്ടെ

**യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്**
**മെത്രാപ്പൊലീത്ത**

2017 ആഗസ്റ്റ് 25-ാം തീയതി
കോട്ടയം സെന്റ് തോമസ് ഭവനിൽ നിന്നും